ഉത്തരം

അഗ്രി എക്സ്പോർട്ട് സോൺ പദ്ധതി പ്രകാരം വാഴ കൃഷി ചെയ്യുന്ന കർഷകർക്ക് നടീൽ വസ്തുക്കളും ഉൽപ്പാദനോപാധികൾ വാങ്ങുന്നതിന് പരമാവധി 15,000 രൂപയും പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടർ ഒന്നിന് 5,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. ഇതിനും പുറമേ കയറ്റുമതി ചെയ്യുവാൻ സന്നദ്ധരായിട്ടുള്ള കർഷകർക്ക് VFPCK 50 ശതമാനം നിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്.

പ്രത്യേക തൊഴിൽദാന പദ്ധതി

57 [1189] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ ആരംഭിച്ച പ്രത്യേക തൊഴിൽദാന പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിയിൽ അംഗമായി ചേർന്നവരുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(സി) അംഗത്വ ഫീസ് ഇനത്തിൽ ആകെ പിരിഞ്ഞുകിട്ടിയ തുക എത്രയാണ്;

(ഡി) എസ്.സി./എസ്.റ്റി. അംഗങ്ങളുടെ വിശദവിവരം അറിയിക്കുമോ;

(ഇ) ഓരോരുത്തർക്കും സർക്കാർ വിഹിതമായി 1,000 രൂപ അടങ്ങുന്ന വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) പിരിഞ്ഞുകിട്ടിയ തുക ഏത് അക്കൗണ്ടിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(എച്ച്) പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പ് എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതി തുടർന്നുകൊണ്ടിരിക്കുകയാണ്. പദ്ധതി കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി കൃഷിഭവനുകൾതോറും സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് കൃഷിയധിഷ്ഠിത മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പര്യാപ്തമാകുംവിധം പരിശീലനം നൽകിവരുന്നു. ഈ വർഷം ഇതിലേക്കായി 12.28525 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

തിരുവനന്തപുരം	. .	9759
കൊല്ലം	. .	7243
പത്തനംതിട്ട	. .	5535
ആലപ്പുഴ	. .	7509
കോട്ടയം	. .	7245
ഇടുക്കി	. .	5123
എറണാകുളം	. .	8825
തൃശ്ശൂർ	. .	10077
പാലക്കാട്	. .	7530
മലപ്പുറം	. .	8640
കോഴിക്കോട്	. .	7072
വയനാട്	. .	2646
കണ്ണൂർ	. .	8312
കാസർഗോഡ്	. .	3345

പദ്ധതിയിൽ ആകെ 98,861 പേരാണ് പൂർണ്ണ അംഗത്വം നേടിയിട്ടുള്ളത്.

(സി) 10,41,98,508 രൂപ.

(ഡി) എസ്.സി./എസ്.റ്റി. വിഭാഗങ്ങളിൽ നിന്നായി ആകെ 14,309 പേർ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഇവരെ പദ്ധതി വിഹിതമായ 1,000 രൂപ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) പിരിഞ്ഞുകിട്ടിയ തുക കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായ ഫണ്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ട്രഷറിയിൽ സ്ഥിരനിക്ഷേപ മായി സൂക്ഷിച്ചിട്ടുണ്ട്.

(എച്ച്) പദ്ധതിയുടെ തുടർ നടത്തിപ്പിനേയും, പദ്ധതിയിൽ ലഭ്യമായ തുക അംഗങ്ങൾക്ക് ഗുണകരമായ രീതിയിൽ വിനിയോഗിക്കുന്നതിനേയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നബാർഡിനെ കൺസൾട്ടന്റായി നിയമിച്ചിരുന്നു. നബാർഡിന്റെ പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly